(5) മോട്ടോർ തൊഴിലാളി ഫെഡറേഷൻ നടത്തുന്ന സെക്രട്ടേറിയറ്റ് മാർച്ചും ധർണ്ണയും

ശ്രീ. കെ.പി. രാജേന്ദ്രൻ : സർ, മോട്ടോർ വ്യവസായം നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഈ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ഇന്ന് കേരളാ സ്റ്റേറ്റ് പ്രൈവറ്റ് മോട്ടോർ തൊഴിലാളി ഫെഡറേഷന്റെ നേതൃത്വത്തിൽ സെക്രട്ടേറിയറ്റ് മാർച്ച് നടക്കുക യാണ്. 15 ലക്ഷത്തിലേറെ തൊഴിലാളികൾ പണിയെടുക്കുന്ന, വളരെയേറെ തൊഴിൽസാധ്യതയുള്ള, സർക്കാരിന് നല്ല വരുമാനമുണ്ടാക്കുന്ന ഒരു മേഖല യാണിത്.

കേന്ദ്ര ഗവൺമെന്റിന്റെ നിയമത്തിന്റെ ഫലമായി, അശാസ്ത്രീയമായി പെർമിറ്റ് കൊടുക്കുന്നതുമൂലം സ്വകാര്യ ബസ് സർവീസുകൾ ഇന്ന് താറുമാ റായിരിക്കുകയാണ്. ഡീസൽ, പെട്രോൾ വിലവർദ്ധനവിനെത്തുടർന്ന് ഓട്ടോ റിക്ഷ ഉൾപ്പെടെയുള്ള സാധാരണ വാഹനങ്ങളുപയോഗിക്കുന്നവർക്കൊക്കെ അതു നടത്തിക്കൊണ്ടുപോകാൻ കഴിയാത്ത ഒരു സ്ഥിതി നിലനിൽക്കുകയാ ണ്. സമാന്തര സർവീസിന്റെ പേരിട്ട് ആക്ഷേപിക്കുന്നുണ്ടെങ്കിൽപോലും ജന ങ്ങളുടെ ഏറ്റവും കൂടുതൽ യാത്ര ആവശ്യം നിർവ്വഹിക്കുന്ന ടെമ്പോ ട്രക്കർ സർവീസിലും അതുപോലെതന്നെ പ്രതിസന്ധി നിലനിൽക്കുകയാണ്. ഇതൊക്കെ കണക്കിലെടുത്തുകൊണ്ട് വ്യവസായത്തിന്റെ പുനഃസംഘട നയ്ക്ക് അടിയന്തിരമായ നടപടി എടുക്കണമെന്നും അതിനായി ഒരു കമ്മി ഷനെ നിയമിക്കണമെന്നും ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) : സർ, ദേശസാൽകൃത റൂട്ടുകളിൽ ഒഴികെ ബസ്സുകൾക്ക് പെർമിറ്റ് നൽകുന്നതിന് ഉദാരവൽക്കരണ വ്യവസ്ഥകളാണ് 1988-ലെ കേന്ദ്ര മോട്ടോർ വാഹന നിയമം നിർദ്ദേശിച്ചിരിക്കുന്നത്. വ്യവസ്ഥകൾക്ക് വിധേയമായി സമർപ്പിക്കുന്ന അപേ ക്ഷകളിന്മേൽ ബസ്സുടമ അപേക്ഷിക്കുന്ന റൂട്ടുകളിൽ, ദേശസാൽക്കൃത റൂട്ടുക ളൊഴികെ, സ്റ്റേജ് കാരിയർ പെർമിറ്റ് നൽകുന്നതിന് റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിക്ക് അധികാരമുണ്ട്. 1988-ലെ മോട്ടോർ വാഹന നിയമം 80-ാം വകുപ്പനുസരിച്ച് പെർമിറ്റിനുള്ള അപേക്ഷ ഏതു സമയത്തും നൽകാവുന്നതും സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയോ റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിയോ ആ പെർമിറ്റിനുള്ള അപേക്ഷ സാധാരണ ഗതിയിൽ നിരസിക്കാൻ പാടില്ലാത്തതുമാകുന്നു. ഇതുമൂലം, ലാഭകരമായ റൂട്ടു കളിൽ കൂടുതൽ അപേക്ഷകൾ നൽകുന്നതിനും കിടമൽസരം വർദ്ധിക്കുന്ന തിനും ഇടയാകാറുണ്ട്. കേന്ദ്ര മോട്ടോർ വാഹന നിയമത്തിൽ ഭേദഗതി വരുത്തി സ്റ്റേജ് കാരിയർ പെർമിറ്റ് അനുവദിക്കുന്നതിനും നിയന്ത്രണമേർപ്പെടു ത്തുന്നതിനും വേണ്ടിയുള്ള നടപടികളെക്കുറിച്ച് ആലോചിച്ചുവരുന്നു. എന്നാൽ ഇതുകൊണ്ട് അഭ്യർത്ഥനയിൽ സൂചിപ്പിക്കുന്നതുപോലെ തൊഴിലാ ളികൾക്ക് കൂടുതൽ ജോലിസാധ്യതയുണ്ടാകാൻ സാധ്യതയില്ല. മോട്ടോർ വ്യ വസായ പുനസ്സംഘടനയെക്കുറിച്ചും പെട്രോൾ, ഡീസൽ വർദ്ധനവിനെത്തു ടർന്നുള്ള പ്രശ്നങ്ങളെക്കുറിച്ചും സർക്കാർ പരിശോധിച്ചുവരികയാണ്. ടെമ്പോ ട്രക്കർ സർവീസ് നിയമവിധേയമാക്കുന്നതും സമാന്തര സർവീസ് അംഗീകരിക്കുന്നതും നിയമവിരുദ്ധമാണ്. കോൺട്രാക്ട് പെർമിറ്റുള്ള വാഹന ങ്ങളാണ് അധികവും സമാന്തര സർവീസ് നടത്തുന്നത്. സമാന്തര സർവീസ് നടത്തുന്നതിന് അത്തരം വാഹനങ്ങൾക്ക് അനുമതി നൽകുന്നത് കെ.എസ്. ആർ.ടി.സി., സ്വകാര്യ ബസ് മേഖല എന്നിവയ്ക്ക് വളരെയധികം ദോഷം വരു

LIBRARY ARCHIVES Kerala Legislative Assembly

ത്തുന്നതാണ്. മോട്ടോർ തൊഴിലാളികൾക്ക് പെൻഷൻ അനുവദിക്കുക, ലോറി തൊഴിലാളികളെ ക്ഷേമനിധിയിലുൾപ്പെടുത്തുക എന്നീ ആവശ്യങ്ങൾക്കുള്ള നടപടി ട്രാൻസ്പോർട്ടിന്റെ അധികാര പരിധിയിൽ വരുന്നതല്ല.

(6) പറശ്ശിനിക്കടവ് സ്നേക്ക്പാർക്ക് അടച്ചുപൂട്ടുന്നതു സംബന്ധിച്ച്

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : സർ, കണ്ണൂർ ജില്ലയിലെ പറശ്ശിനിക്കടവ് സ്നേക്ക്പാർക്ക് അടച്ചുപൂട്ടി പീഡിപ്പിക്കപ്പെടുന്ന വന്യജീവികളെ സ്വതന്ത്രമായി അവയുടെ ആവാസകേന്ദ്രങ്ങളിലേയ്ക്കുതന്നെ അയയ്ക്കണമെന്ന സൂ അതോറിറ്റി ഓഫ് ഇന്ത്യയുടെ തീരുമാനം ഇപ്പോഴും നടപ്പിലാക്കിയിട്ടില്ല. നിയമപരമായും ജീവകാരുണ്യപരമായ നിലപാടിന്റെ അടിസ്ഥാനത്തിലും എന്നാൽ ബോധത്തോടുകൂടിയും നടപ്പിലാക്കേണ്ടിയിരുന്ന ലളിതമായ കാര്യത്തെ സങ്കീർണ്ണമാക്കുകയും രാഷ്ട്രീയപ്രേരിതമായ ധാരണയുടെ അടിസ്ഥാനത്തിൽ ഗവൺമെന്റിനും ഡിപ്പാർട്ടുമെന്റിനും ഇടതുപക്ഷ ജനാധിപത്യ സംഘടനകൾക്കുമെതിരായി ഉറഞ്ഞുതുള്ളുകയുമാണ് മാധ്യമങ്ങളും യു.ഡി.എഫ്.ലെ ചിലരും. 1993 ആഗസ്റ്റ് 4-ാം തീയതി മുതൽ പറശ്ശിനിക്കടവ് സ്നേക്ക് പാർക്ക് അനധികൃതമായിട്ടാണ് നടത്തുന്നതെന്ന് വ്യക്തമായി എല്ലാവർക്കും അറിയാവുന്നതാണ്. 1972-ലെ വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്ടിൽ അന്നുണ്ടായിരുന്ന 38-ാം വകുപ്പ് 1992-ൽ ഭേദഗതി ചെയ്തു. 3.8.1993-നുമുമ്പായി അംഗീകാരം നേടാത്ത എല്ലാ അനധികൃതസൂവും പൂട്ടണമെന്നുള്ളതായിരുന്നു ഭേദഗതി. അതിനെത്തുടർന്ന് ശ്രീ. എം.വി. രാഘവൻ അതിന്റെ പ്രസിഡന്റെന്ന നിലയിൽ 10.2.1995-നാണ് അപേക്ഷതന്നെ കൊടുക്കുന്നത്. 3.8.93-നു മുൻപ് അനുവാദം വാങ്ങണമെന്ന് വ്യവസ്ഥ ചെയ്തിട്ടും 10.2.95-ൽ മാത്രമാണ് അപേക്ഷതന്നെ കൊടുക്കുന്നത്. അപേക്ഷ കൊടുത്തപ്പോൾ, വന്യജീവികളെ എവിടെനിന്നുമാണ് ലഭിച്ചിട്ടുള്ളതെന്ന് പിന്നീട് സൂ അതോറിറ്റി ഓഫ് ഇന്ത്യ ശ്രീ. എം.വി. രാഘവനോട് അതിന്റെ പ്രസിഡന്റെന്ന നിലയിൽ തിരക്കുകയുണ്ടായി. അതിനെസംബന്ധിച്ച് ഒരു മറുപടിയും ഇന്നുവരെ കൊടുത്തിട്ടില്ല. ഒരു ടെക്നിക്കൽ കമ്മിറ്റിയെ ഇതുസംബന്ധിച്ച് അന്വേഷിക്കുന്നതിനുവേണ്ടി 10.3.98-ല പറശ്ശിനിക്കടവിലേയ്ക്ക് അയയ്ക്കുകയുണ്ടായി. കമ്മിറ്റി പരിശോധിച്ച് അതിന്റെ ശുപാർശയിൽ ഈ സ്നേക്ക് പാർക്കിന് ഒരുതരത്തിലുള്ള അനുവാദവും കൊടുക്കാൻ പാടില്ല എന്നുതന്നെ തീരുമാനിച്ചു. ഈ തീരുമാനത്തിനെതിരായി പിന്നീട് പാർക്ക് അധികൃതർ അപ്പീൽ കൊടുത്തു. അപ്പീലിനെത്തുടർന്ന് ഇതിന്റെ കാര്യങ്ങൾ വിശദമായി സൂ അതോറിറ്റി ഓഫ് ഇന്ത്യയെ അറിയിക്കുന്നതിനുവേണ്ടി 6 മാസം സമയം കൊടുത്തു. ആ 6 മാസത്തിനിടയിലും ഒരു കാര്യവും ചെയ്യാൻ അവർ തയ്യാറായിട്ടില്ല. അതിനുശേഷം വീണ്ടും മൂന്നുമാസം കൂടി നീട്ടിക്കൊടുത്തു. അപ്പോഴും ഒരു കാര്യവും ചെയ്തിട്ടില്ല. 25.1.2000-ന് അതിന്റെ സമയം അവസാനിച്ചു. എന്നുപറഞ്ഞാൽ 26.1.2000 മുതൽ പാമ്പിനെ സ്നേക്ക് പാർക്കുകൾ എന്നരീതിയിൽ പ്രദർശിപ്പിക്കാനുള്ള യാതൊരു അവകാശവും അധികാരവും ശ്രീ. എം.വി. രാഘവന്റെ സൊസൈറ്റിക്കില്ലെന്നാണ് അതിന്റെയർത്ഥം. ഒരു സ്വകാര്യ അന്യായംതന്നെ ഇതിനിടയിൽ സുപ്രീംകോടതിയിൽ വരികയുണ്ടായി. മറിയം റഫീജ എന്നുപറയുന്ന ആളാണ് സുപ്രീം കോടതിയിൽ പോയത്. അനധികൃതമായി നടത്തുന്ന സൂ എല്ലാംതന്നെ പൂട്ടണമെന്ന് വ്യക്തമായി സുപ്രീംകോടതി വിധിക്കുകയും ചെയ്തു. ആ വിധി അടിസ്ഥാനപ്പെടുത്തി കേരളത്തിലെ, ഇന്ത്യയിലെ എല്ലാ അനധികൃത സൂവും പൂട്ടണമെന്ന

LIBRARY ARCHIVES Kerala Legislative Assembly